# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1395** — **03/10/2016-ൽ മറുപടിക്ക്**

## വിവിധയിനം പകർച്ച വ്യാധികൾ ബാധിച്ചുള്ള മരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പമന്ത്രി) |
| **എ)** മുൻസർക്കാർ കാലയളവിൽ വിവിധയിനം പനികൾ, മറ്റ് പകർച്ച വ്യാധികൾ കൊതുകുകളും കുടിവെള്ളവും വഴി പകരുന്ന മഞ്ഞപ്പിത്തം (വിവിധയിനം) എന്നിവ ബാധിച്ച് എത്ര പേർ മരണപ്പെട്ടു. വിശദാംശം വ്യക്തമാക്കുമോ; | **എ)** വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| **ബി)** ഇതു പരിഹരിക്കാൻ മുൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു; ഇതിനായി എന്തെല്ലാം നൂതന ചികിൽസാ പ്രവർത്തനങ്ങൾ, കൊതുകുനിവാരണ പദ്ധതികൾ, ശുദ്ധമായ കുടിവെള്ളം ലഭ്യമാകാൻ വേണ്ട നടപടികൾ എന്നിവ നടത്തി ; വിശദാംശം ലഭ്യമാക്കുമോ; | **ബി)** വാർഷിക കർമ്മ പദ്ധതിയുടെ ഭാഗമായി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും. മഴക്കാല പൂർവ്വ ശുചീകരണം. കൊതുകിന്റെ ഉറവിടനശീകരണം. ആരോഗ്യ സന്ദേശ യാത്ര തുടങ്ങിയവ നടത്തുകയുണ്ടായി. കൊതുക് ജന്യ രോഗങ്ങൾ. ജലജന്യ രോഗങ്ങൾ എന്നിവ ബാധിച്ച രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുകയും രോഗബാധിത പ്രദേശത്ത് ജില്ലാതല ദ്രുതകർമ്മ സേന (ആർ.ആർ.റ്റി) സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം കൊതുക് നിയന്ത്രണത്തിന് ഡ്രൈഡേ ആചരണം. ഫോഗിംഗ്. സ്പ്രേയിംഗ് തുടങ്ങിയവയും നടത്തുകയുണ്ടായി. ക്ലോറിനേഷനും, സൂപ്പർ ക്ലോറിനേഷനും നടത്തി കുടിവെള്ളം ശുദ്ധീകരിക്കുകയും ജനങ്ങൾക്ക് ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. അർബൻ, റൂറൽ ഹെൽത്ത് |

ട്രെയിനിംഗ് സെന്ററുകൾ വഴി സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുകയും PEID Cell വഴിയും IDSP വഴിയും ദിവസേന രോഗങ്ങളുടെയും മരണപ്പെട്ടവരുടെയും വിശദാംശങ്ങൾ നിരീക്ഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു.

| | |
|---|---|
| **സി)** ഇവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ള ലഭ്യത ആരോഗ്യ വകുപ്പ് പരിശോധനാ വിഭാഗം ഉറപ്പുവരുത്താനും കൊതുക നിവാരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുമായി ഈ സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ? | **സി)** ആരോഗ്യവകുപ്പ് തയ്യാറാക്കിയ കർമ്മ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജനം, കൊതുക നിവാരണം, ശുദ്ധജല വിതരണം എന്നിവയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൊതുജനാരോഗ്യ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങൾ, വീടുകൾ, ഭക്ഷണശാലകൾ, തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തുകയും ശുചീകരണത്തിനും മറ്റ് പ്രതിരോധ പ്രവർത്തനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം പകർച്ചവ്യാധി ബാധിത പ്രദേശങ്ങളിൽ പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## Confirmed Deaths due to Communicable diseases from 2011 (May) to 2016 (May 24)

| Diseases | 2011 may -Dec | 2012 | 2013 | 2014 | 2015 | 2016 May up to (24.5.16) | Total |
|---|---|---|---|---|---|---|---|
| Fever | 10 | 11 | 23 | 29 | 26 | 5 | 104 |
| Dengue | 7 | 16 | 29 | 13 | 29 | 3 | 97 |
| Leptospirosis | 59 | 18 | 34 | 43 | 43 | 9 | 206 |
| Malaria | 1 | 3 | 0 | 6 | 4 | 1 | 15 |
| Hepatitis A | 9 | 8 | 8 | 6 | 10 | 4 | 45 |
| Japanese Encephalitis | 2 | 1 | 0 | 2 | 0 | 0 | 5 |
| H1N1 | 10 | 15 | 1 | 15 | 80 | 0 | 121 |
| Typhoid | 1 | 1 | 0 | 0 | 0 | 0 | 2 |
| Scrub Typhus | 0 | 0 | 0 | 6 | 15 | 4 | 25 |
| KFD | 0 | 0 | 0 | 0 | 11 | 0 | 11 |
| Total | 99 | 73 | 95 | 120 | 218 | 26 | 631 |

സെക്ഷൻ ഓഫീസർ